പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

23-01-2021

# പുനർമൂല്യനിർണയത്തിന്റെ മാർക്ക് ലിസ്റ്റ് പത്ത് ദിവസത്തിനകം നൽകണമെന്ന് ബാലാവകാശ കമ്മീഷൻ

ഹയർ സെക്കൻഡറി പുനർമൂല്യനിർണയത്തിൽ മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾക്ക് പഴയ മാർക്ക് ലിസ്റ്റ് സമർപ്പിച്ച് പത്ത് ദിവസത്തിനകം പുതിയത് നൽകണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. പഴയ മാർക്ക് ലിസ്റ്റ് സ്കൂൾ പ്രിൻസിപ്പൽ മുമ്പാകെ ഹാജരാക്കുന്ന കുട്ടികൾക്ക് എത്രയും പെട്ടെന്ന് പുതിയ മാർക്ക് ലിസ്റ്റ് ലഭ്യമാക്കണം. നിലവിൽ പഴയ മാർക്ക് ലിസ്റ്റ് പ്രിൻസിപ്പലിന്റെ ഒപ്പും സീലും രേഖപ്പെടുത്തി ഡയറക്ടറേറ്റിലാണ് സമർപ്പിക്കേണ്ടത്. ഇതു വഴി പുതിയ മാർക്ക് ചേർത്തു കിട്ടുന്നതിനുള്ള കാലതാമസം കാരണം പല കുട്ടികൾക്കും ഹയർ കോഴ്സുകൾക്ക് പ്രവേശനം കിട്ടാതെ പോകുന്നത് പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇതനുസരിച്ച് പരീക്ഷ വിജ്ഞാപനം പരിഷ്കരിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറിയും ഡയറക്ടറും നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു.

നിലവിലുള്ള ഹയർ സെക്കൻഡറി പരീക്ഷ വിജ്ഞാപനം അനുസരിച്ച് പുനർമൂല്യനിർണയത്തിന്റെ ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം മാർക്ക് വ്യത്യാസമുള്ള വിദ്യാർത്ഥികൾ പുതിയ മാർക്ക് ലിസ്റ്റിന് അപേക്ഷിക്കണം. തങ്ങളുടേതല്ലാത്ത കാരണത്താൽ സംഭവിച്ച മൂല്യനിർണയത്തിലെ അപാകതയ്ക്ക് പരിഹാരമായി എത്രയും വേഗം പുതിയ മാർക്ക് ലിസ്റ്റ് ലഭ്യമാക്കുന്നതിലൂടെ കുട്ടികൾ അനുഭവിച്ച അവകാശലംഘനത്തിന് പരിഹാരം കാണണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

5541/04/C2/2020/KeSCPCR

പബ്ലിക് റിലേഷൻസ് ഓഫീസർ